പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: * 13 08.06.2015 ൽ മറുപടിക്ക്

## ആറന്മുള വിമാനത്താവള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ:<br>,, സി.ദിവാകരൻ:<br>,, ജി.എസ്.ജയലാൽ:<br>ശ്രീമതി.ഇ.എസ്.ബിജിമോൾ: | | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ആറന്മുള വിമാനത്താവള പദ്ധതിക്കായി വീണ്ടും പാരിസ്ഥിതിക പഠനം നടത്താൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിനു കീഴിലുള്ള വിദഗ്ധ സമിതി അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | ആറൻമുള വിമാനത്താവളത്തിന് ലഭ്യമായ പാരിസ്ഥിതിക അനുമതി ദേശീയ ഹരിത ട്രൈബ്യൂണൽ റദ്ദാക്കിയതിനെ തുടർന്ന് പദ്ധതി നടത്തിപ്പുകാരായ കെ.ജി.എസ് ഗ്രൂപ്പ് പുതിയ അപേക്ഷ നൽകിയതായും അത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ധ വിലയിരുത്തൽ സമിതി (EAC) യുടെ 143-ാമത് യോഗത്തിൽ പരിഗണനക്കു വന്നതായും അറിയുന്നു. ഇത് സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ ഔദ്യോഗികമായി സംസ്ഥാന സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (ബി) | പദ്ധതി സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിനോട് എന്തെങ്കിലും വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യപ്പെട്ട വിവരങ്ങൾ, അതിനു നൽകിയ മറുപടി എന്നിവ വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. ദേശീയ ഹരിത ട്രൈബ്യൂണൽ ഉന്നയിച്ച പ്രശ്നങ്ങളിന്മേൽ സംസ്ഥാന സർക്കാരിന്റെ നിലപാട് അറിയിക്കണമെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ദ്ധ വിലയിരുത്തൽ സമിതി (EAC) തീരുമാനിച്ചിട്ടുണ്ട്. 22.04.2015 ലെ 4908/ഡി2/2015/ഗതാ നമ്പർ കത്ത് പ്രകാരം |

| | | | |
|---|---|---|---|
| | | | കേന്ദ്ര ഗവൺമെന്റിന് ഗതാഗത വകുപ്പിൽ നിന്നും മറുപടി നൽകിയിട്ടുണ്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവും മറ്റ് നിയമപരമായ ഏജൻസികളും നിഷ്കർഷിക്കുന്ന എല്ലാ പാരിസ്ഥിതിക നിബന്ധനകളും മറ്റു നിബന്ധനകളും പാലിക്കുകയാണെങ്കിൽ പദ്ധതി അനുവദിക്കാവുന്നതാണെന്നതാണ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായമെന്ന വിവരമാണ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചത്. |
| (സി) | പദ്ധതിയിൽ സംസ്ഥാന സർക്കാർ ഓഹരിയെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം ഓഹരിയാണ് എടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | | കെ.ജി.എസ് ആറന്മുള വിമാനത്താവള കമ്പനിയിൽ 10% ഓഹരി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരുന്നുവെങ്കിലും ഇതുവരെ സംസ്ഥാന സർക്കാർ ഓഹരി സ്വീകരിക്കുകയോ കമ്പനി ഓഹരി നൽകുകയോ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ